സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 ജൂൺ 7 ബുധൻ | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ

# കഖോവ്ക ഡാം തകർച്ച: ഗ്രാമങ്ങൾ വെള്ളപ്പൊക്ക ഭീഷണിയിൽ

## വ്യാപ്തി വരുംദിവസങ്ങളിലെ വ്യക്തമാകൂ: ഐക്യരാഷ്ട്ര സഭ

ന്യൂയോർക്ക്: ഉക്രെയ്നിലെ ഖേഴ്സണിലെ കഖോവ്ക അണക്കെട്ട് തകർന്നതിനെ തുടർന്നുള്ള ദുരിതം അവസാനിക്കുന്നില്ല. ഡാം തകർന്നതോടെ തെക്കൻ ഉക്രെയിനിലെ നിരവധി ഗ്രാമങ്ങൾ വെള്ളപ്പൊക്ക ഭീഷണിയിൽ തുടരുകയാണ്. അണക്കെട്ട് തകർച്ചയുടെ വ്യാപ്തി വരും ദിവസങ്ങളിലേ വ്യക്തമാകൂവെന്ന് ഐക്യരാഷ്ട്രസഭ വ്യക്തമാക്കി. 40,000ത്തിലേറെ പേർ അപകടത്തിലാണെന്നാണ് റിപ്പോർട്ടുകൾ. ആയിരക്കണക്കിനാളുകളെയാണ് മാറ്റിപ്പാർപ്പിച്ചിരിക്കുന്നത്. ഇതുവരെ വെള്ളം 3.5 മീറ്റർ (111/2 ) അടി ഉയർന്നു. കസ്കോവ ഡിബ്രോവ മൃഗശാല പൂർണമായും വെള്ളത്തിനടിയിലായി. 300 മൃഗങ്ങൾ ചത്തതായി മൃഗശാല അധികൃതർ അറിയിച്ചു. അതിനിടെ അണക്കെട്ട് തകർത്തതിന് പിന്നിൽ ആരാണെന്നതിൽ വ്യക്തതയില്ലെന്ന് ഐക്യരാഷ്ട്ര സഭ ജനറൽ സെക്രട്ടറി അന്റോണിയോ ഗുട്ടറസ് പറഞ്ഞു. റഷ്യൻ അധിനിവേശത്തിന്റെ മറ്റൊരു അനന്തരഫലമാണിപ്പോൾ കാണുന്നതെന്നും ഗുട്ടറസ് പറഞ്ഞു. ആരാണ് ഉത്തരവാദിയെന്ന് ഉറപ്പിച്ച് പറയാനാകില്ലെങ്കിലും സ്വന്തം ജനതയ്ക്കെതിരേ ഉക്രെയ്നിന് ഇത്തരമൊരു നീക്കം നടത്തേണ്ട ആവശ്യമില്ലെന്ന് അമേരിക്ക പറയുന്നു. കഴിഞ്ഞ ദിവസം ഡാം തകർന്നപ്പോൾ തന്നെ ഉക്രെയ്ൻ റഷ്യയ്ക്കെതിരേ ആരോപണവുമായി രംഗത്തെത്തിയിരുന്നു. ഡാം തകർത്തത് റഷ്യയാണെന്നായിരുന്നു ആരോപണം. എന്നാൽ, റഷ്യ ഈ ആരോപണം നിഷേധിക്കുകയാണ് ചെയ്തത്.


1. കഖോവ്ക അണക്കെട്ട് തകരുന്നതിന് മുമ്പ് 2. അണക്കെട്ട് തകർന്നതിന് ശേഷം

ആക്രമണത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാതെ പരസ്പരം പഴിചാരുകയാണ് യു.എന്നിലെ ഉക്രെയ്ൻ, റഷ്യ പ്രതിനിധികൾ. പ്രത്യാക്രമണത്തിന് സൈന്യത്തെ പുനഃസംഘടിപ്പിക്കാനായി അനുകൂല അവസരം സൃഷ്ടിക്കാൻ ഉക്രെയ്ൻ നടത്തിയ നീക്കമാണെന്ന് റഷ്യ ആരോപിക്കുന്നു. എന്നാൽ, റഷ്യ നടത്തിയ തീവ്രവാദ നീക്കമാണെന്ന് ഉക്രെയ്നും ആരോപിക്കുന്നു. വിഷയത്തിൽ റഷ്യയ്ക്കെതിരേ ഇതിനകം തന്നെ അന്താരാഷ്ട്ര ക്രിമിനൽ കോടതിയെ സമീപിച്ചതായി ഉക്രെയ്ൻ പ്രസിഡന്റ് വ്ളോഡിമിർ സെലൻസ്കി വ്യക്തമാക്കി. ഖേഴ്സണിൽ ആളുകളെ ഒഴിപ്പിക്കുന്നതിനിടെ റഷ്യൻ ഷെല്ലാക്രമണമുണ്ടായതായി ഉക്രെയ്ൻ ആഭ്യന്തരമന്ത്രി ആരോപിച്ചു. സോവിയറ്റ് കാലഘട്ടത്തിൽ നിർമിച്ച ആറ് അണക്കെട്ടുകളിൽ ഏറ്റവും വലിയ അണക്കെട്ടാണ് കഖോവ്ക അണക്കെട്ട്. യൂറോപ്പിലെ ഏറ്റവും വലിയ ആണവനിലയമായ സാപൊറീഷ്യയിൽ റിയാക്ടർ തണുപ്പിക്കുന്നതിന് ഉപയോഗിക്കുന്നത് ഈ ഡാമിലെ വെള്ളമായിരുന്നു. 2014ൽ റഷ്യ പിടിച്ചെടുത്ത ക്രിമിയയിലേക്കും ഈ ഡാമിൽനിന്നാണു വെള്ളം കൊണ്ടുപോകുന്നത്. 240 കി.മീ (150 മൈൽ) നീളവും 23 കി.മീ (14 മൈൽ) വരെ വീതിയുമുള്ള തെക്കൻ ഉക്രെയ്നിന്റെ പ്രധാന ഭൂമിശാസ്ത്രപരമായ സവിശേഷതകളിൽ ഒന്നാണ് അണക്കെട്ടിന് പിന്നിലുള്ള വിശാലമായ ജല സംഭരണി.

## ബാലസോർ ട്രെയിൻ ദുരന്തം: ഔദ്യോഗിക കണക്ക് വീണ്ടും പുതുക്കി ഒഡീഷ സർക്കാർ, മരിച്ചത് 288 പേർ

ഭുവനേശ്വർ: ബാലസോർ ട്രെയിൻ ദുരന്തത്തിൽ മരിച്ചവരുടെ എണ്ണത്തിൽ ഔദ്യോഗിക കണക്ക് വീണ്ടും പുതുക്കി ഒഡീഷ സർക്കാർ. 288 പേരാണ് മരിച്ചതെന്നാണ് പുതിയ കണക്ക്. നേരത്തെയിത് 278 പേരാണ് മരിച്ചതെന്നായിരുന്നു ഇതുവരെയുള്ള ഔദ്യോഗിക വിവരം. പിന്നീടിത് വീണ്ടും പുതുക്കി 275 ഉം പിന്നീടിത് 278ഉം ആക്കി. ഇതേതുടർന്ന് കണക്കുകളിലെ അവ്യക്തത ദുരൂഹമാണെന്ന് ആരോപിച്ച് തൃണമൂൽ കോൺഗ്രസടക്കമുള്ള പ്രതിപക്ഷപാർട്ടികൾ രംഗത്തെത്തിയിരുന്നു. ഇതിനു പിന്നാലെയാണ് മരിച്ചത് 288 പേർ തന്നെയാണെന്ന് ഒഡീഷ സർക്കാർ സ്ഥിരീകരിച്ചത്. തിങ്കളാഴ്ച വരെ 275 പേരാണ് മരിച്ചെന്നായിരുന്നു വിവരമെന്നും പിന്നീട് കൂടുതൽ മൃതദേഹം കണ്ടെത്തിയതോടെ മരണസംഖ്യ 288 ആയി ഉയർന്നെന്നും ഒഡീഷ ചീഫ് സെക്രട്ടറി പി.കെ ജെന പറഞ്ഞു. കണ്ടെടുത്ത 288 പേരിൽ 205 പേരുടെ മൃതദേഹം തിരിച്ചറിഞ്ഞെന്നും ചീഫ് സെക്രട്ടറി അറിയിച്ചു.



രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ട എൻ.ഡി.ആർ.എഫ് പ്രവർത്തകർ ദുരന്തമുഖത്ത് കടുത്ത സമ്മർദം നേരിടുന്നതിനാൽ മാനസികാരോഗ്യം വീണ്ടെടുക്കുന്നതിനായി പ്രത്യേകം കൗൺസിലിങ് നൽകുമെന്ന് എൻ.ഡി.ആർ.എഫ് ഡയരക്ടർ ജനറൽ അതുൽ കർവാൾ അറിയിച്ചു. ഒൻപത് എൻ.ഡി.ആർ.എഫ് സംഘങ്ങളാണ് രക്ഷാപ്രവർത്തന രംഗത്തുണ്ടായിരുന്നത്.'രക്ഷാപ്രവർത്തകർക്ക് സംഭവങ്ങൾ വലിയ ആഘാതമുണ്ടാക്കി. ചിലർക്ക് വെള്ളം കാണുമ്പോൾ പോലും രക്തമായി തോന്നുന്നു, ചിലർക്കാകട്ടെ ഭക്ഷണം കഴിക്കാനാകുന്നില്ല. പലരും ശാരീരികവും മാനസികവുമായ വിവിധ സംഘർഷങ്ങളിലൂടെ കടന്നുപോകുകയാണ്'-വാർഷിക സമ്മേളനത്തോടനുബന്ധിച്ച് ദുരന്ത പ്രതികരണശേഷി വർധിപ്പിക്കുകയെന്ന ഉദ്ദേശ്യത്തിൽ നടത്തിയ സെമിനാറിൽ സംസാരിക്കുമ്പോൾ എൻ.ഡി.ആർ.എഫ് ഡയറക്ടർ പറഞ്ഞു.

## വിഷയം കൈകാര്യം ചെയ്യുന്നതിൽ വീഴ്ച പറ്റി; ഗുസ്തി താരങ്ങളെ കൂടിക്കാഴ്ചയ്ക്ക് ക്ഷണിച്ച് കേന്ദ്രം

ന്യൂഡൽഹി: ലൈംഗിക പീഡന കേസിൽ ആരോപണ വിധേയനായ ദേശീയ ഗുസ്തി ഫെഡറേഷൻ അധ്യക്ഷൻ ബ്രിജ് ഭൂഷൺ ശരൺ സിങ്ങിനെതിരായി സമരം ചെയ്യുന്ന ഗുസ്തി താരങ്ങളുമായി ചർച്ചയ്ക്ക് തയ്യാറാണെന്ന് കേന്ദ്ര സർക്കാർ. ഗുസ്തി താരങ്ങളുയർത്തുന്ന വിഷയങ്ങളും ആശങ്കകളും വിശദമായി ചർച്ച ചെയ്യാൻ സന്നദ്ധമാണെന്ന് കേന്ദ്ര കായിക മന്ത്രി അനുരാഗ് ഠാക്കൂർ ട്വീറ്റ് ചെയ്തു. ചർച്ചകൾക്കായി ഗുസ്തി താരങ്ങളെ അദ്ദേഹം ക്ഷണിച്ചു. പ്രധാനമന്ത്രിയുടെ അമേരിക്കൻ സന്ദർശനത്തിന് മുൻപ് വിഷയം പരിഹരിക്കാൻ തിരക്കിട്ട് നീക്കം നടത്തുകയാണ് കേന്ദ്രം. ഇതിന്റെ ഭാഗമായാണ് താരങ്ങളെ ചർച്ചയ്ക്ക് ക്ഷണിച്ചത്. ആഭ്യന്തര മന്ത്രി അമിത് ഷാ താരങ്ങളുമായി ചർച്ച തുടരും. താരങ്ങളുടെ സമരം പാർട്ടിക്ക് ക്ഷീണമായി എന്ന വിലയിരുത്തലിലാണ് ബി.ജെ.പി. വിഷയം കൈകാര്യം ചെയ്യുന്നതിൽ വീഴ്ച പറ്റി എന്നും നേതാക്കൾ നേതൃത്വത്തെ അറിയിച്ചു. അന്താരാഷ്ട്ര തലത്തിൽ അടക്കം സമരം ചർച്ചയായതിന് പിന്നാലെ ആണ് പുതിയ നീക്കം. 21നാണ് മോദിയുടെ അമേരിക്കൻ സന്ദർശനം.




ശനിയാഴ്ച രാത്രി ഗുസ്തി താരങ്ങൾ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. ബജ്റംഗ് പൂനിയ, സാക്ഷി മാലിക്, സംഗീത ഫോഗട്ട് തുടങ്ങിയവരായിരുന്നു കേന്ദ്ര ആഭ്യന്തരമന്ത്രിയെ കണ്ടത്. അമിത് ഷായുമായുള്ള കൂടിക്കാഴ്ചയ്ക്ക് പിന്നാലെ സാക്ഷി മാലിക് അടക്കമുള്ളവർ സമരത്തിൽനിന്ന് പിന്മാറിയെന്ന റിപ്പോർട്ടുകൾ പുറത്തുവന്നു. തിരികെ ജോലിയിൽ പ്രവേശിച്ചതിന്റെ അടിസ്ഥാനത്തിലായിരുന്നു ഇത്. എന്നാൽ കേന്ദ്ര ആഭ്യന്തരമന്ത്രിയുമായി ഒരു ഒത്തുതീർപ്പും ഉണ്ടായിട്ടില്ലെന്ന് ഗുസ്തിതാരം ബജ്റംഗ് പുനിയ കഴിഞ്ഞദിവസം വ്യക്തമാക്കി. നീതി ലഭിക്കും വരെ സമരം തുടരുമെന്നും അദ്ദേഹം പറഞ്ഞു. "ആഭ്യന്തരമന്ത്രിയെ കണ്ട് ഗുസ്തിതാരങ്ങൾ കരാറുണ്ടാക്കിയെന്ന വാർത്ത തെറ്റാണ്. അമിത് ഷായുമായി നടത്തിയ കൂടിക്കാഴ്ചയുടെ വിശദാംശങ്ങൾ പുറത്തുവിടരുതെന്ന് സർക്കാർ തന്നെയാണ് ആവശ്യപ്പെട്ടത് എന്നാൽ, അവർതന്നെ എല്ലാ വിവരങ്ങളും മാധ്യമങ്ങൾക്ക് ചോർത്തി നൽകി" പുനിയ കുറ്റപ്പെടുത്തി. സമരക്കാർ മുന്നോട്ടുവച്ച ഒരു ആവശ്യം പോലും പരിഗണിക്കാത്ത കേന്ദ്ര നിലപാടിനെതിരേ താരങ്ങൾ കടുത്തവിമർശനം ഉന്നയിച്ചിരുന്നു.

കഴിഞ്ഞ ജനുവരി 18നാണ് ഗുസ്തി ഫെഡറേഷൻ അധ്യക്ഷൻ ബ്രിജ് ഭൂഷണിനെതിരേ ലൈംഗിക ആരോപണവുമായി താരങ്ങൾ രംഗത്തെത്തിയത്. ഫെഡറേഷൻ പിരിച്ചുവിടണമെന്നും ബ്രിജ് ഭൂഷണിനെ അറസ്റ്റ് ചെയ്യണമെന്നുമുള്ള ആവശ്യങ്ങളായിരുന്നു താരങ്ങൾ ഉയർത്തിയത്. മൂന്ന് ദിവസം നീണ്ടുനിന്ന സമരത്തിനൊടുവിൽ താരങ്ങളുടെ പരാതി അന്വേഷിക്കാൻ കായിക മന്ത്രാലയം പ്രത്യേക സമിതിയെ നിയോഗിച്ചിരുന്നു. മേരി കോം അധ്യക്ഷയായ ആറംഗസമിതിയാണ് ഇവരുടെ പരാതികൾ അന്വേഷിക്കുന്നത്.

വിഷയത്തിൽ പോലിസിൽ പരാതി നൽകിയിട്ടും തുടർനടപടികൾ ഉണ്ടാവാതെ വന്നതോടെ താരങ്ങൾ വീണ്ടും പ്രതിഷേധവുമായി ഇറങ്ങുകയായിരുന്നു. താരങ്ങളുടെ പ്രതിഷേധത്തെ തുടർന്ന് കോടതി നിർദേശത്താലാണ് പരാതിയിൻമേൽ കേസ് എടുക്കാൻ ഡൽഹി പോലിസ് തയ്യാറായത്. എന്നാൽ ബ്രിജ് ഭൂഷണിന്റെ അറസ്റ്റ് വൈകിയതോടെ താരങ്ങൾ പ്രതിഷേധവുമായി ജന്തർ മന്തറിൽ ഇറങ്ങി. വിനേഷ് ഫോഗട്ട്, സാക്ഷി മാലിക്, ബജ്റംഗ് പൂനിയ തുടങ്ങിയ മുൻനിര താരങ്ങൾ ഉൾപ്പെടെയാണ് ബ്രിജ് ഭൂഷണിനെതിരേ പ്രതിഷേധവുമായി ജന്തർ മന്തറിലുണ്ടായിരുന്നത്.

## യു.എസിൽ വീണ്ടും വെടിവയ്പ്; രണ്ട് പേർ കൊല്ലപ്പെട്ടു, നിരവധി പേർക്ക് പരുക്ക്

വിർജീനിയ: യു.എസിൽ വീണ്ടും വെടിവയ്പ്. സംഭവത്തിൽ രണ്ടു പേർ കൊല്ലപ്പെടുകയും ഏഴ് പേർക്ക് പരുക്കേൽക്കുകയും ചെയ്തു. വിർജീനിയയിൽ കോമൺ വെൽത്ത് യൂണിവേഴ്സിറ്റിയ്ക്ക് സമീപമുള്ള തീയേറ്ററിൽ നടന്ന ഹൈസ്ക്കൂൾ ബിരുദദാന ചടങ്ങിനിടെയാണ് ആക്രമണം. തിക്കിലും തിരക്കിലുംപെട്ട് പരുക്കേറ്റ പന്ത്രണ്ട് പേരിൽ മൂന്ന് പേരുടെ നില ഗുരുതരമാണ്. ആക്രമണം നടത്തിയ രണ്ട് പേരെ അറസ്റ്റ് ചെയ്തതായി റിച്ച്മണ്ട് പോലിസ് മേധാവി റിക്ക് എഡ്വേർഡ്സ് അറിയിച്ചു. തീയേറ്ററിനുള്ളിൽ ഉണ്ടായിരുന്ന ഉദ്യോഗസ്ഥർ വൈകിട്ട് 5.15ഓടെ വെടിയൊച്ച കേൾക്കുകയും പോലിസ് സ്റ്റേഷനിൽ വിവരം അറിയിക്കുകയുമായിരുന്നു. തുടർന്ന് സംഭവസ്ഥലത്തെത്തിയ പോലിസ് പരുക്കേറ്റവരെ കണ്ടെത്തുകയായിരുന്നു. തീയേറ്ററിനുള്ളിൽ നിന്ന് വെടിയൊച്ചകൾ കേട്ടതോടെ ചടങ്ങിൽ പങ്കെടുക്കാൻ എത്തിയവരെല്ലാം തീയേറ്ററിന് പുറത്തേക്ക് ഓടിയതായി ദൃക്സാക്ഷികൾ പറയുന്നു. ഇതേ തുടർന്നുണ്ടായ തിക്കിലും തിരക്കിലും പെട്ട് ആളുകൾക്ക് പരുക്കേൽക്കുകയായിരുന്നു. രക്ഷപെടാൻ ശ്രമിക്കുന്നതിനിടെ രണ്ട് പേർ കെട്ടിടത്തിൽ നിന്ന് വീഴുകയും ഒരു കുട്ടിക്ക് കാർ തട്ടി പരുക്കേൽക്കുകയും ചെയ്തു. നിസാര പരുക്കുള്ളവർക്ക് സംഭവസ്ഥലത്ത് തന്നെ വച്ച് പ്രാഥമിക ചികിത്സ നൽകി. 20 തവണ വെടിയൊച്ച കേട്ടതായി ദൃക്സാക്ഷികൾ പറയുന്നു.ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ ഇന്ന് നടത്താനിരുന്ന ബിരുദദാന ചടങ്ങ് സുരക്ഷയുടെ ഭാഗമായി റദ്ദാക്കിയതായും സ്കൂളുകൾ അടച്ചിടുമെന്നും അധികൃതർ അറിയിച്ചു. ഹ്യൂഗ്നോട്ട് ഹൈസ്കൂളിലെ ബിരുദദാന ചടങ്ങിന് ശേഷം തീയേറ്ററിന് എതിർ വശത്തും കോളേജ് ക്യാംപസിനോട് ചേർന്നുള്ള പാർക്കിലുമാണ് വെടിവയ്പ് നടന്നതെന്ന് റിച്ച്മണ്ട് പബ്ലിക്ക് സ്കൂൾ അധികൃതർ വ്യക്തമാക്കി. കസ്റ്റഡിയിൽ എടുത്തവരുടെയോ പരുക്കേറ്റവരുടെയോ വ്യക്തിവിവരങ്ങൾ പുറത്തുവിട്ടിട്ടില്ല.



വെടിവയ്പ്പുണ്ടായ സ്ഥലത്ത് റിച്ച്മണ്ട് പോലിസ് എത്തിയപ്പോൾ

## ട്വിറ്ററിന് പുതിയ സി.ഇ.ഒ; ലിൻഡ യക്കാരിനോ ചുമതലയേറ്റു

ന്യൂയോർക്ക്: പ്രമുഖ മൈക്രോ ബ്ലോഗിംഗ് പ്ലാറ്റ്ഫോമായ ടിറ്ററിന്റെ പുതിയ സി.ഇ.ഒയായി അമേരിക്കക്കാരിയായ ലിൻഡ യക്കാരിനോ ചുമതലയേറ്റു. എൻ.ബി.സി യൂണിവേഴ്സലിലെ മുൻ ഉദ്യോഗസ്ഥയായ ലിൻഡ നേരത്തെ തന്നെ ടിറ്റർ അക്കൗണ്ട് ടിറ്ററിന്റെ ഔദ്യോഗിക ഹാൻഡിലുമായി ബന്ധിപ്പിച്ചിരുന്നു. 2022-ലാണ് ഇലോൺ മസ്ക് ടിറ്ററിന്റെ സി.ഇ.ഒ ആയി ചുമതലയേറ്റത്. എന്നാൽ, മസ്ക് ടിറ്ററിന്റെ ചുമതല ഏറ്റെടുത്ത ശേഷം വിവിധ കാരണങ്ങളാൽ കമ്പനിയുടെ വരുമാന സ്രോതസ്സുകളായിരുന്ന പരസ്യദാതാക്കൾ പലരും ടിറ്ററിനെ വിട്ടുപോയിരുന്നു. ഇത് കമ്പനിയെ വലിയ രീതിയിലുള്ള സാമ്പത്തിക മാന്ദ്യത്തിലേക്കാണ് നയിച്ചത്. ഇതിനോടൊപ്പം കൂട്ടപ്പിരിച്ചുവിടൽ നടപടിയും ടിറ്റർ ഉള്ളടക്കവുമായി ബന്ധപ്പെട്ട മസ്കിന്റെ തീരുമാനവും ബ്ലൂ സബ്സ്ക്രിപ്ഷനും വലിയ രീതിയിലുള്ള വിമർശനങ്ങൾ ഏറ്റുവാങ്ങിയിരുന്നു.



ഇതേ തുടർന്നാണ് നേതൃസ്ഥാനം കൈമാറാൻ മസ്ക് തീരുമാനിച്ചത്. ടിറ്റർ സി.ഇ.ഒ സ്ഥാനം രാജിവയ്ക്കുന്നതുമായി ബന്ധപ്പെട്ട് മസ്ക് സർവ്വേ നടത്തിയിരുന്നു. ഇതിൽ ഭൂരിഭാഗം ആളുകളും പുതിയ സി.ഇ.ഒയെ നിയമിക്കണമെന്നാണ് ആവശ്യപ്പെട്ടത്. തുടർന്നാണ് പ്രമുഖ മാധ്യമ ഗ്രൂപ്പായ എൻ.ബി.സി യൂണിവേഴ്സലിൽ ഒരു ദശാബ്ദത്തോളം പ്രവർത്തിച്ചിരുന്ന ലിൻഡ യക്കാരിനോയെ പുതിയ സി.ഇ.ഒ ആയി തിരഞ്ഞെടുത്തത്. മസ്ക് തന്നെയാണ് ലിൻഡയെ പുതിയ സി.ഇ.ഒ ആയി നിയമിച്ച വിവരം പുറത്തുവിട്ടത്.

## വിദ്യാഭ്യാസ രംഗത്തെ അരുതാപ്രവണതകൾ അവസാനിപ്പിക്കണം

കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്തെ യശസ്സ് തകർക്കുന്ന വാർത്തകൾ പുറത്തുവരുന്നത് വേദനാജനകമാണ്. ചരിത്രപ്രസിദ്ധമായ മഹാരാജാസ് കോളേജിൽ നിന്നാണ് നാണംകെടുത്തുന്ന വാർത്ത വന്നിട്ടുള്ളത്. എസ്.എഫ്.ഐ സംസ്ഥാന സെക്രട്ടറിയായ ആർഷോ എഴുതാത്ത പരീക്ഷ വിജയിച്ചുവെന്ന് കോളേജിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും വിവാദമായതോടെ പിൻവലിക്കുകയുമായിരുന്നു. സാങ്കേതിക പിഴവാണെന്ന കോളേജ് അധികൃതരുടെ വിശദീകരണവും തൃപ്തികരമായിരുന്നില്ല. 2022 ഡിസംബറിൽ പരീക്ഷ നടക്കുന്ന സമയത്ത് ആർഷോ കേസിൽപ്പെട്ട് ജയിലിലായിരുന്നു. ആവശ്യത്തിന് ഹാജറില്ലാത്തതിനാൽ പരീക്ഷ എഴുതാനും സാധിച്ചിരുന്നില്ല. ആർഷോയുടെ മാർക്ക്ലിസ്റ്റ് വെബ്സൈറ്റിൽ കണ്ടപ്പോൾ ഒപ്പം പഠിച്ചിരുന്ന വിദ്യാർഥികൾ പരാതി ഉന്നയിക്കുകയും കെ.എസ്.യു അതേറ്റെടുത്ത് പ്രിൻസിപ്പാളിനെ ഉപരോധിക്കുന്നതടക്കമുള്ള നടപടികളാരംഭിക്കുകയും ചെയ്തു. എന്നാൽ തെറ്റായ മാർക്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിൽ സമഗ്ര അന്വേഷണം വേണമെന്ന് ആർഷോയും ആവശ്യപ്പെട്ടിട്ടുണ്ട്.

ആരൊക്കെ എന്തൊക്കെ വിശദീകരണം നടത്തിയാലും ഉന്നത വിദ്യാഭ്യാസ രംഗത്തെ ഇത്തരം പ്രവണതകൾ നല്ലതല്ലെന്ന് ബന്ധപ്പെട്ടവർ ഓർക്കണം. മഹാരാജാസ് കോളേജിന് പ്രത്യക്ഷത്തിൽ ബന്ധമില്ലെങ്കിലും മഹാരാജാസ് കോളേജിന്റെ വ്യാജസർട്ടിഫിക്കറ്റുണ്ടാക്കി ഗസ്റ്റ് ലക്ച്ചറർ പോസ്റ്റിന് അപേക്ഷിച്ച മറ്റൊരു സംഭവവും പുറത്തു വന്നിരിക്കുകയാണ്. കെ. വിദ്യയാണ് ഗസ്റ്റ് ലക്ച്ചറർ നിയമനത്തിന് വേണ്ടി 2018 മുതൽ 2021 വരെ മഹാരാജാസ് കോളേജിൽ ഗസ്റ്റ് ലക്ച്ചററായിരുന്നുവെന്ന് സർട്ടിഫിക്കറ്റ് വ്യാജമായി നിർമിച്ച് ജോലി നേടിയെടുക്കാൻ ശ്രമിച്ചത്. ഇത് സംബന്ധിച്ച് കോളേജ് പ്രിൻസിപ്പാൾ പോലിസിൽ പരാതി നൽകിയിട്ടുണ്ട്. ശക്തമായ നിയമ നടപടിയുണ്ടാകുമെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ.ബിന്ദുവും പ്രഖ്യാപിച്ചിട്ടുണ്ട്.

ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടുകയാണ്. വിദ്യാഭ്യാസ യോഗ്യത ചുളുവിൽ നേടിയെടുക്കേണ്ട ഒന്നല്ല.
കഠിനമായ പരിശ്രമത്തിലൂടെ വിദ്യാർഥി നേടിയെടുക്കേണ്ട ഒന്നാണത്. നമ്മുടെ നാട്ടിൽ വ്യാജ സർട്ടിഫിക്കറ്റുണ്ടാക്കിയും എഴുതാത്ത പരീക്ഷ ജയിച്ചുമൊക്കെ നേട്ടങ്ങളുണ്ടാക്കാമെന്ന് കണ്ടാൽ ആളുകൾ അത്തരം വഴിക്ക് സഞ്ചരിക്കാനിടയാകും. സ്വാതന്ത്ര്യലബ്ധിക്ക് മുൻപ് തന്നെ ഉന്നത നിലവാരവും പ്രതിഭകളെയും സൃഷ്ടിച്ച പാരമ്പര്യമുള്ളതാണ് കേരളീയ വിദ്യാഭ്യാസ ചരിത്രം. പൊതു വിദ്യാഭ്യാസത്തിൽ നല്ല രീതിയിൽ സർക്കാർ ഇടപെടൽ നടത്തുന്ന സംസ്ഥാനമാണ് കേരളം. കാലത്തിനനുസൃതമായതും എന്നാൽ നമ്മുടെ മൂല്യങ്ങളെ കൂട്ടിപിടിക്കുന്നതുമായ വിദ്യാഭ്യാസ പാതയാണ് നമുക്കുണ്ടാവേണ്ടത്. വളരെ നല്ല രീതിയിൽ മുന്നോട്ട് പോകുന്ന ഈ രംഗത്തെ താറടിക്കാനും അപകീർത്തിപ്പെടുത്താനും ശ്രമിക്കുന്നവർക്കെതിരേ കർശന നടപടിയെടുക്കണം.

# കുട്ടികളിലെ തലവേദന ശ്രദ്ധിക്കണം



**ഡേവിഡ്സൺ ദേവസ്യ**
**(പീഡിയാട്രിക് ന്യൂറോളജി കൺസൾട്ടന്റ് ആസ്റ്റർ മെഡ്സിറ്റി, കൊച്ചി)**

ജീവിതത്തിൽ ഒരിക്കലെങ്കിലും തലവേദന അനുഭവിക്കാത്തവർ നമുക്കിടയിൽ അപൂർവ്വമായിരിക്കും. മുതിർന്നവരെ സംബന്ധിച്ച് അവ തിരിച്ചറിയാനും പ്രതിവിധി കണ്ടെത്താനും താരതമ്യേന എളുപ്പമാണ്. എന്നാൽ ചെറിയ കുട്ടികളെ സംബന്ധിച്ച് അവർ നേരിടുന്ന ബുദ്ധിമുട്ട് തലവേദനയാണെന്ന് മനസ്സിലാക്കാനും, അത് രക്ഷിതാക്കളോട് പറയാനും സാധിക്കണം എന്നില്ല. കുട്ടികൾ തലവേദന എന്ന് പറയുമ്പോൾ പലപ്പോഴും രക്ഷിതാക്കൾ അത് സമ്മതിച്ചു കൊടുക്കാറുമില്ല. വളരെ ചെറിയ പ്രായത്തിലൊന്നും തലവേദന വരില്ല എന്നാണ് പല മാതാപിതാക്കളും ചിന്തിക്കാറുള്ളത്. എന്നാൽ അത് വലിയ തെറ്റിധാരണയാണ്.

**തലവേദന വരാനുള്ള വിവിധ കാരണങ്ങൾ**

**1.** തലയിലെ മുടി ഉൾപ്പെടുന്ന തൊലിയിൽ എന്തെങ്കിലും പരുക്കൾ ഉണ്ടെങ്കിൽ തലവേദന വരാം.

**2.**തലയോട്ടിയുടെ മുകളിൽ മുഴ രൂപപ്പെടുകയോ, അവിടുത്തെ ഏതെങ്കിലും എല്ല് ക്രമാതീതമായി വളരുകയും ചെയ്യുന്നതും ഒരു കാരണമാണ്.

**3.**തലച്ചോറിന്റെ അകത്ത് ട്യൂമർ രൂപപ്പെടുന്ന സാഹചര്യത്തിൽ തലവേദന അനുഭവപ്പെടാം.

**4.** നീർക്കെട്ട്, വാദസംബന്ധമായ അസുഖങ്ങൾ, സൈനസൈറ്റിസ്.

**5.** കണ്ണിന്റെ പ്രശ്നങ്ങൾ, പവർ വ്യത്യാസങ്ങൾ

**6.** ചിലരിൽ തൊണ്ടവേദന തലയുടെ പിൻഭാഗത്ത് വേദന അനുഭവപ്പെടാൻ കാരണമാകാറുണ്ട്.

**7.** യ തുറക്കാനും അടയ്ക്കാനും സഹായിക്കുന്ന ജോയിന്റിലെ എല്ലിനുണ്ടാകുന്ന തകരാറുകളും തലവേദനയ്ക്കുള്ള ഒരു കാരണമാണ്.

**കുട്ടികളിൽ ഏത് പ്രായം മുതൽ തലവേദന വരാം?**

കുഞ്ഞുങ്ങളെ സംബന്ധിച്ച് അവർക്ക് തലവേദനയാണെന്ന് തിരിച്ചറിയാൻ കഴിഞ്ഞു എന്നു വരില്ല. പ്രത്യേകിച്ച് നാല് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക്. അതു കണ്ടെത്തുക എന്നുള്ളതാണ് പ്രധാനം. രക്ഷിതാക്കളുടെ സഹായത്തോടെ മാത്രമേ കുട്ടി നേരിടുന്ന ബുദ്ധിമുട്ട് തലവേദന ആണോയെന്ന നിഗമനത്തിൽ എത്താൻ സാധിക്കൂ.

**തലവേദനയും ശാരീരികാസ്വാസ്ഥ്യങ്ങളും**

തലവേദന നേരിട്ട് മറ്റു ശാരീരിക പ്രശ്നങ്ങൾ, അഥവാ രോഗങ്ങൾക്ക് കാരണം ആകാറില്ല. എന്നാൽ തലവേദന മറ്റുപല രോഗങ്ങളുടെയും ലക്ഷണങ്ങൾ ആകാം. അസഹനീയമായ തലവേദന കുട്ടികളുടെ ദൈനം ദിന ജീവിതത്തിൽ പലതരം ബുദ്ധിമുട്ടുകൾ സൃഷ്ടിക്കും. വലിയ തോതിൽ വേദന അനുഭവിക്കുന്നത് അവരുടെ ഉറക്കത്തെ ബാധിക്കും. ഇടയ്ക്കിടക്ക് ഉറക്കത്തിൽ നിന്ന് എണീറ്റേക്കാം. ശക്തമായ ഛർദ്ദി, നോക്കുമ്പോൾ രണ്ടായി കാണുന്നതായി തോന്നുക, കാഴ്ച മങ്ങുക, നടത്തത്തിന്റെ സന്തുലിതാവസ്ഥ തെറ്റി ചെറിയ ആട്ടം അനുഭവപ്പെടുക തുടങ്ങി ശ്രദ്ധിക്കേണ്ട നിരവധി കാര്യങ്ങളുണ്ട്. ചില കുട്ടികൾക്ക് തലവേദനയ്ക്കൊപ്പം കണ്ണിൽ നിന്ന് വെള്ളം വരുന്നതായി കാണാം. ചിലർക്ക് കണ്ണ് ചുവന്നു വരും.അതിനെല്ലാം അപ്പുറം തുടർച്ചയായതും അസഹനീയവുമായ തലവേദന അവരുടെ ആത്മവിശ്വാസത്തെ ബാധിക്കും. വെയിലത്ത് കളിക്കുന്നതും, ഉല്ലാസ യാത്രകൾ പരിമിതപ്പെടുത്തേണ്ടി വരുന്നതുമെല്ലാം ചില ഉദാഹരണങ്ങളാണ്. അതുപോലെ തന്നെ ക്ലാസിൽ നോട്സ് എഴുതി എടുക്കാനുള്ള ബുദ്ധിമുട്ട്, ബോർഡിലേക്ക് നോക്കാൻ പ്രയാസം തുടങ്ങിയ അസ്വസ്ഥതകളും തലവേദനയുടെ ഭാഗമായി വരാം.

**തലവേദന വരുമ്പോൾ ചെയ്യേണ്ട കാര്യങ്ങൾ**

തലവേദന അനുഭവപ്പെട്ടാൽ പാരസെറ്റമോൾ നൽകാം. കുട്ടികൾക്ക് തലവേദനയ്ക്ക് ഒപ്പം ജലദോഷവും ഉണ്ടെങ്കിൽ ചൂട് ആവി പിടിക്കാവുന്നതാണ്. തലവേദന അസഹനീയവും തുടർച്ചയായി വരികയും ചെയ്യുന്ന സാഹചര്യത്തിൽ ഡോക്ടറുടെ പിന്തുണ തേടാം.

**മൈഗ്രെയ്ൻ**

മുതിർന്നവരിൽ എന്ന പോലെ കുട്ടികളിലും സാധാരണയായി മൈഗ്രെയ്ൻ കണ്ടുവരാറുണ്ട്. മൈഗ്രെയ്ൻ സംബന്ധിച്ച് ഫാമിലി ഹിസ്റ്ററി ഒരു പ്രധാന ഘടകമാണ്. ഏറ്റവും അടുത്ത കുടുംബത്തിൽ ആർക്കെങ്കിലും മൈഗ്രെയ്ൻ ഉണ്ടെങ്കിൽ കുട്ടികളിലും വരാനുള്ള സാധ്യത കൂടുതലാണ്. ചെറിയ കുട്ടികൾ ഓടി കളിക്കുന്നതിന് ഇടയിൽ തലകറക്കം എന്ന് പറഞ്ഞു പെട്ടെന്ന് രക്ഷിതാക്കളെ വന്നു മുറുക്കെ പിടിക്കുന്നത് കാണാം. അത്തരം സാഹചര്യങ്ങളിൽ കുട്ടികളിൽ മൈഗ്രെയ്ൻ സാധ്യത തള്ളിക്കളയാൻ ആവില്ല. മൈഗ്രെയ്ന് പലതരം ലക്ഷണങ്ങൾ പ്രകടിപ്പിക്കാറുണ്ട്. വെയിലത്ത് നിൽക്കുമ്പോൾ, യാത്ര ചെയ്യുമ്പോൾ, ഉറക്കമുളക്കുമ്പോൾ, സമ്മർദം അനുഭവപ്പെടുമ്പോൾ, ജലദോഷം, സമയം തെറ്റിയുള്ള ഭക്ഷണം തുടങ്ങിയ സാഹചര്യങ്ങളിൽ തലവേദന അനുഭവപ്പെടുന്നത് മൈഗ്രെയ്ൻ മൂലമാകാം.

**ഏതെല്ലാം ഡോക്ടർമാരെ കാണണം**

കുട്ടികളിൽ തലവേദന രൂക്ഷമായാൽ പ്രധാനമായും മൂന്ന് വിഭാഗങ്ങളിലാണ് വൈദ്യസഹായം തേടേണ്ടത്. കണ്ണിന്റെ പ്രശ്നങ്ങളും, പവർ വ്യത്യാസങ്ങളും ഒക്കെ തന്നെ തലവേദനയെ സ്വാധീനിക്കാറുണ്ട് എന്നതിനാൽ കണ്ണിന്റെ ഡോക്ടർ അഥവാ ഒഫ്താൽമോളജിസ്റ്റിനെ കാണിക്കേണ്ടതാണ്. അതോടൊപ്പം തന്നെ ന്യൂറോളജിസ്റ്റ്, ഇ.എൻ.ടി ഡോക്ടർമാരുടെയും അടുത്ത്നിന്ന് വൈദ്യ പിന്തുണ തേടാവുന്നതാണ്.

**ചികിത്സയേക്കാൾ വേണ്ടത് മുൻകരുതൽ**

അലോപ്പതിയിൽ പരിമിതമായ മരുന്നുകളാണ് മൈഗ്രെയ്ൻ ചികിത്സയ്ക്കായി ഉള്ളത്. മരുന്നുകളെക്കൾ ജീവിത ശൈലിയിൽ മാറ്റങ്ങൾ കൊണ്ടുവരികയാണ് ചെയ്യേണ്ടത്. അടിസ്ഥാനപരമായി മൈഗ്രെയ്നെ രോഗം എന്നു വിളിക്കുന്നതിനേക്കാൾ ഒരു അവസ്ഥ എന്ന് വിശേഷിപ്പിക്കുന്നതാണ് അഭികാമ്യം.
അതിന് പല സ്വഭാവ സവിശേഷതകളുണ്ട്. എഴുപത് ശതമാനം സമയത്തും സാഹചര്യങ്ങളുടെ സ്വാധീനം മൂലമോ, ജീവിത ശൈലിയിലെ അസന്തുലിതാവസ്ഥ കാരണമോ ആണ് മൈഗ്രെയ്ൻ തല പൊക്കാറുള്ളത്. അതുകൊണ്ട് തന്നെ എന്തെല്ലാം അവസരങ്ങളിലാണു നിങ്ങളുടെ കുട്ടികളിൽ തലവേദന അനുഭവപ്പെടുന്നത്, പ്രേരകശക്തിയാകുന്ന കാരണങ്ങൾ തുടങ്ങിയവ തിരിച്ചറിഞ്ഞ് രക്ഷിതാക്കൾ അത് കുറിച്ച് വയ്ക്കുന്നത് നന്നായിരിക്കും. അതിന് അനുസരിച്ചുള്ള പ്രതിരോധ മാർഗങ്ങൾ സ്വീകരിച്ചാൽ തന്നെ ഒരു വലിയ പരിധി വരെ നമുക്ക് കുട്ടികൾക്ക് ഉണ്ടാകുന്ന തലവേദനയെ നിയന്ത്രിക്കാം. വെയിൽ കൊള്ളുന്നതാണ് പ്രശ്നം എങ്കിൽ അത്തരം സാഹചര്യത്തിൽ കുട ഉപയോഗിക്കുക, കുട്ടികൾ കൃത്യ സമയത്ത് ഉറങ്ങുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുക, നന്നായി വെള്ളം കുടിക്കുക, ഭക്ഷണം കഴിക്കുക തുടങ്ങിയ കാര്യങ്ങളിലൂടെ കുട്ടികളിലെ തലവേദനയെ ഒരു പരിധി വരെ അകറ്റി നിർത്താം.



# ബി.ജെ.പിക്ക് കനത്ത തിരിച്ചടി; മധ്യപ്രദേശിൽ ബജ്റംഗ്സേന കോൺഗ്രസിൽ ലയിച്ചു




ഭോപ്പാലിലെ പി.സി.സി ആസ്ഥാനത്ത് വച്ച് മധ്യപ്രദേശ് കോൺഗ്രസ് അധ്യക്ഷൻ കമൽനാഥിന് ബജ്റംഗ് സേനയുടെ ദേശീയ അധ്യക്ഷൻ രൺബീർ പട്ടേരിയ ഗദ സമ്മാനിക്കുന്നു

ഭോപ്പാൽ: നവംബർ മാസത്തിൽ നിയമസഭാ തെരഞ്ഞെടുപ്പ് നടക്കാനിരിക്കെ മധ്യപ്രദേശിൽ ബി.ജെ.പിക്ക് കനത്ത തിരിച്ചടി. തീവ്രഹിന്ദുത്വ സംഘടനയായ ബജ്റംഗ് സേന കോൺഗ്രസിൽ ലയിച്ചു. ആർ.എസ്.എസിന്റെ അടുത്തയാളായ ബി.ജെ.പി നേതാവ് രഘുനന്ദൻ ശർമയാണ് ബജ്റംഗ് സേനയുടെ കൺവീനർ. ഇദ്ദേഹം തൽസ്ഥാനം രാജിവച്ച് കോൺഗ്രസിൽ അംഗത്വമെടുത്തു. ഇനിമുതൽ കോൺഗ്രസിന്റെയും മധ്യപ്രദേശ് കോൺഗ്രസ് അധ്യക്ഷൻ കമൽനാഥിന്റെയും ആശയങ്ങളെ ഏറ്റെടുക്കുകയാണെന്ന് ശർമയുടെ സാന്നിധ്യത്തിൽ ബജ്റംഗ്സേന ദേശീയ പ്രസിഡന്റ് രൺവീർ പടേറിയ പ്രഖ്യാപിച്ചു.
കഴിഞ്ഞ മാസം പ്രമുഖ ബി.ജെ.പി നേതാവും മുൻ മന്ത്രിയുമായ ദീപക് ജോഷി ബി.ജെ.പി വിട്ട് കോൺഗ്രസിൽ ചേർന്നിരുന്നു. ഇദ്ദേഹമാണ് ലയനത്തിന് ചുക്കാൻ പിടിച്ചത്. മുൻ മുഖ്യമന്ത്രി കൈലാഷ് ജോഷിയുടെ മകനാണ് ബി.ജെ.പി വിട്ട ദീപക് ജോഷി. ഇത് പാർട്ടിക്ക് വലിയ തിരിച്ചടിയാണ് മധ്യപ്രദേശിലുണ്ടാക്കിയിരിക്കുന്നത്. അദ്ദേഹം വഴിയാണ് ബജ്റംഗസേന കോൺഗ്രസിൽ ലയിച്ചത്.

# റെയിൽവേ മന്ത്രി രാജിവയ്ക്കണം: ഫോർവേർഡ് ബ്ലോക്ക്

കോഴിക്കോട്: ഒഡീഷയിലുണ്ടായ ട്രെയിൻ അപകടത്തിന്റെ ധാർമിക ഉത്തരവാദിത്വം ഏറ്റെടുത്ത് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് രാജിവയ്ക്കണമെന്ന് ഫോർവേർഡ് ബ്ലോക്ക് കോഴിക്കോട് ജില്ലാ സെക്രട്ടറി രാമദാസ് വേങ്ങേരി ആവശ്യപ്പെട്ടു. വർഷം തോറും കോടിക്കണക്കിന് രൂപയാണ് റെയിൽവേ വികസനത്തിന് വേണ്ടി ചിലവഴിക്കുന്നത്. എന്നാൽ ട്രെയിൻ അപകടങ്ങൾ കുറയ്ക്കുവാനുള്ള സംവിധാനത്തിന് റെയിൽവേ വകുപ്പ് വേണ്ടതൊന്നും ചെയ്യുന്നില്ലെന്നും അദ്ദേഹം കുറ്റപ്പെടുത്തി. രാജ്യത്തെ മുഴുവൻ ട്രെയിൻ യാത്രക്കാർക്കും സൗജന്യ ഇൻഷൂറൻസ് പാക്കേജ് അടിയന്തിരമായി നടപ്പിലാക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



കെൻസ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ മലബാർ മേഖലയിലെ വൃക്ഷതൈ വിതരണോദ്ഘാടനം കണ്ണഞ്ചേരി യു.പി സ്കൂളിൽ വച്ച് കെൻസ ഗ്രൂപ്പ് ചെയർമാൻ ബാബു കെൻസയും മാനേജിംഗ് ഡയരക്ടർ സി. മുജീബ് റഹ്മാനും ചേർന്ന് നിർവഹിച്ചപ്പോൾ

# കെൻസയുടെ കരുതൽ; വിദ്യാലയങ്ങളിൽ രണ്ടായിരം വൃക്ഷതൈ വിതരണം ചെയ്തു

കോഴിക്കോട്: കെൻസ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ മലബാർ മേഖലയിൽ രണ്ടായിരം വൃക്ഷതൈകൾ വിതരണം ചെയ്തു. മേഖലതല ഉദ്ഘാടനം കണ്ണഞ്ചേരി യു.പി സ്കൂളിൽ കെൻസ ഗ്രൂപ്പ് ചെയർമാൻ ബാബു കെൻസയും മാനേജിംഗ് ഡയരക്ടർ സി. മുജീബ് റഹ്മാനും ചേർന്ന് നിർവ്വഹിച്ചു. ഹെഡ്മിസ്ട്രസ് എസ്. സുമി അധ്യക്ഷത വഹിച്ചു. വാർഡ് കൗൺസിലർ കെ. നിർമ്മല, പി.ടി.എ പ്രസിഡന്റ് സക്കറിയ പള്ളിക്കണ്ടി, എക്സിക്യൂട്ടീവ് ഡയറക്ടർ ഷഹദ് മൊയ്തീൻ തുടങ്ങിയവർ സംസാരിച്ചു. കല്ലായി ജി.യു.പി സ്കൂളിൽ ഹെഡ്മിസ്ട്രസ് ട്രീസ മാത്യുവും, പന്നിയങ്കര യു.പി സ്കൂളിൽ ഹെഡ് മാസ്റ്റർ എൻ. രാധാകൃഷ്ണനും അധ്യക്ഷന്മാരായി. വൃക്ഷതൈ, ചകിരി ചോറു കൊണ്ട് പൊതിഞ്ഞായിരുന്നു വിതരണം ചെയ്തത്. പ്ലാസ്റ്റിക് ഒരു രീതിയിലും വിദ്യാലയത്തിൽ നിന്നും വീടുകളിൽ നിന്നും അകറ്റി നിർത്തണമെന്ന സന്ദേശം കൂടിയാണ് ജീവിക്കാം പ്രകൃതിയെ നോവിക്കാതെ എന്ന ക്യാമ്പയിൻ ലക്ഷ്യമാക്കിയതെന്ന് കെൻസ ബാബു പറഞ്ഞു. വിവിധ ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ വൃക്ഷതൈ വിതരണം നടന്നു.

# പ്രകൃതിക്ക് ഇണങ്ങി മനുഷ്യർ ജീവിക്കണം: കരീം പന്നിത്തടം

പെരുമ്പിലാവ്: സ്വന്തം മാതാവിനെ പോലെ പ്രകൃതി മാതാവിനെ സംരക്ഷിക്കാൻ കടപ്പെട്ടവരാണ് മനുഷ്യരെന്ന് സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടം അഭിപ്രായപ്പെട്ടു. എസ്. കെ.എസ്.എസ്.എഫ് പെരുമ്പിലാവ് മേഖല കമ്മിറ്റി പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച 'ചോല വിതച്ച് നേടാമെന്ന' സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കൊരട്ടിക്കരയിലെ മേഖല ഓഫിസിൽ നടന്ന ചടങ്ങിൽ എസ്. കെ.എസ്.എസ്.എഫ് ജില്ലാ ഓർഗനൈസേഷൻ സെക്രട്ടറി നാസർ കടവല്ലൂർ, മേഖലാ പ്രസിഡന്റ് സുഹൈൽ കരിക്കാട്, ട്രെന്റ് ജില്ലാ കൺവീനർ പി.എം സുഹൈൽ, ഷിഹാബ് കരിക്കാട്, ഹുസൈൻ നുജൂമി, റഫീഖ് കടവല്ലൂർ എന്നിവർ സംസാരിച്ചു. വിവിധ യൂണിറ്റുകളിലെ പ്രവർത്തകർ പരിസ്ഥിതിദിന പ്രതിജ്ഞയെടുത്തു.

# സംഘർഷം രൂക്ഷം; മണിപ്പൂരിൽ ആംബുലൻസ് ആക്രമിച്ച് അമ്മയും മകനും ഉൾപ്പെടെ മൂന്നുപേരെ അഗ്നിക്കിരയാക്കി


മണിപ്പൂരിൽ ആക്രമി സംഘം വാഹനം അഗ്നിക്കിരയാക്കിയപ്പോൾ (ഫയൽ ചിത്രം)

ഇംഫാൽ: ഇരുവിഭാഗങ്ങൾ തമ്മിൽ സംഘർഷം രൂക്ഷമായി തുടരുന്ന മണിപ്പൂരിൽ ആംബുലൻസ് ആക്രമിച്ച് മൂന്നുപേരെ അഗ്നിക്കിരയാക്കി. പോലിസ് അകമ്പടിയോടെ രോഗിയുമായി ആശുപത്രിയിലേക്കുപോയ ആംബുലൻസിന് ജനക്കൂട്ടം തീയിട്ടതിനെത്തുടർന്ന് അമ്മയും കുഞ്ഞും ബന്ധുവുമാണ് കൊല്ലപ്പെട്ടത്. കുക്കി സമുദായക്കാരനെ വിവാഹം ചെയ്ത മേയ്തി വിഭാഗത്തിൽപ്പെട്ട മീന ഹാങ്സിങ് (45), എട്ട് വയസുള്ള മകൻ ടോൺസിങ് ഹാങ്സിങ്, മീനയുടെ ബന്ധു ലിഡിയ ലൗറെംബം (37) എന്നിവരാണ് കൊല്ലപ്പെട്ടത്. ലാംഫെൽ പോലിസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട ഇംഫാൽ വെസ്റ്റിലെ ഇറോയിസെംബയിലാണ് ഞായറാഴ്ച വൈകീട്ട് ഏഴോടെയാണ് സംഭവം.ആക്രമണത്തിൽ മൂന്നുപേർ മരിച്ചതായി പ്രദേശവാസികൾ മാധ്യമങ്ങളോട് വെളിപ്പെടുത്തുകയായിരുന്നു. പൂർണമായും കത്തിനശിച്ച ആംബുലൻസിൽ നിന്നും കുറച്ച് അസ്ഥികൾ മാത്രമാണ് വീണ്ടെക്കാനായതെന്ന് മുതിർന്ന പോലിസ് ഉദ്യോഗസ്ഥൻ പറഞ്ഞു. കൊലപാതകവുമായി ബന്ധപ്പെട്ട് അന്ന് രാത്രി തന്നെ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിരുന്നു. സംഭവത്തിൽ ആഭ്യന്തര മന്ത്രാലയം ഇതുവരെയും പ്രതികരിച്ചിട്ടില്ല. കാങ്ചുപ്പിലെ അസം റൈഫിൾസിന്റെ ദുരിതാശ്വാസ ക്യാമ്പിൽ കഴിഞ്ഞുവരികയായിരുന്നു ആക്രമിക്കപ്പെട്ടവർ. ജൂൺ നാലിന് പ്രദേശത്തുണ്ടായ വെടിവയ്പിൽ എട്ട് വയസുകാരനായ ടോൺസിങ്ങിന് വെടിയേറ്റു. കുട്ടിയുടെ മാതാപിതാക്കൾ വ്യത്യസ്ത സമുദായത്തിൽപ്പെട്ടവരായതിനാൽ കുക്കി സമുദായത്തിന്റെ പരിധിയിലുള്ള ആശുപത്രിയിൽ നിന്ന് മാറി ഇംഫാലിലേക്ക് കൊണ്ടുപോകുന്നതിനിടെയാണ് ആംബുലൻസിന് തീയിട്ടത്. കുട്ടിയെ ആശുപത്രിയിൽ എത്തിക്കാനുള്ള ഉത്തരവാദിത്വം ഏറ്റെടുത്ത അസം റൈഫിൾസ് കമാൻഡർ ഇംഫാൽ പോലിസുമായി സംസാരിച്ച് ആംബുലൻസ് ഏർപ്പെടുത്തുകയായിരുന്നു. കഴിഞ്ഞ 48 മണിക്കൂറിനുള്ളിൽ സുഗ്നുവിലും സെറോവിലും നിരവധി അക്രമസംഭവങ്ങളാണ് റിപ്പോർട്ട് ചെയ്തത്. തീവയ്പിനും വെടിവയ്പിനും പുറമെ പതിയിരുന്ന് ആക്രമിക്കുന്ന സംഭവങ്ങളും റിപ്പോർട്ട് ചെയ്യുന്നുണ്ട്. സംഘർഷപ്രദേശങ്ങളിൽ കൂടുതൽ സൈനികരെ വിന്യസിച്ചിട്ടുണ്ട്.


എച്ച്.ആർ.ഡി.എഫ് ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ നടത്തുന്ന ആരോഗ്യ ബോധവൽക്കരണ പരിപാടികളുടെ ഉദ്ഘാടനം കാളിന്ദി കുഞ്ചിൽ വച്ച് ചെയർമാൻ ഡോ.ഹുസൈൻ മടവൂർ നിർവഹിച്ച് സംസാരിക്കുന്നു

## ആരോഗ്യ ബോധവൽക്കരണ പരിപാടി ഉദ്ഘാടനം ചെയ്തു

ന്യൂഡൽഹി: ഹ്യൂമൺ റിസോഴ്സ് ഡെവലപ്മെന്റ് ഫൗണ്ടേഷൻ (എച്ച്.ആർ.ഡി.എഫ്) ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ നടത്തുന്ന ആരോഗ്യ ബോധവൽക്കരണ പരിപാടികളുടെ ഉദ്ഘാടനം കാളിന്ദി കുഞ്ചിൽ എച്ച്.ആർ.ഡി.എഫ് ചെയർമാൻ ഡോ.ഹുസൈൻ മടവൂർ നിർവഹിച്ചു. പിന്നോക്ക പ്രദേശങ്ങളിലെ ജനങ്ങളിൽ ആരോഗ്യ ബോധവൽക്കരണം നടത്തുക, രോഗ നിർണയം നടത്തി ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുക, സൗജന്യമായി മരുന്ന് വിതരണം ചെയ്യുക തുടങ്ങിയ സേവനങ്ങൾ മുന്നോട്ട് വച്ചാണ് എച്ച്.ആർ.ഡി.എഫ് ആരോഗ്യ ബോധവൽക്കരണ പരിപാടികൾ നടത്തുന്നത്. ഡോ.അബ്ദുൽ മാലിക് ക്ലാസിന് നേതൃത്വം നൽകി.

അഫ്സൽ യൂസഫ്, ഡോ.പർവേസ് അക്തർ എന്നിവർ സംബന്ധിച്ചു. ബീഹാർ, ബംഗാൾ, ജാർഖണ്ഡ്, ആസ്സാം, ഹരിയാന, മഹാരാഷ്ട്ര, ഉത്തർപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ എച്ച.ആർ.ഡി.എഫ് ഇതിനകം നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ആരോഗ്യ ബോധവൽക്കരണം, വിദ്യാഭ്യാസ പ്രോത്സാഹനം, കുടിവെള്ള പദ്ധതികൾ, പുനരധിവാസം, തൊഴിൽ പരിശീലനം, ഭക്ഷണ വസ്ത്ര വിതരണം തുടങ്ങിയ മേഖലകളിലാണ് എച്ച്.ആർ.ഡി.എഫിന്റെ പ്രവർത്തനങ്ങളെന്ന് ചെയർമാൻ ഡോ.ഹുസൈൻ മടവൂർ പറഞ്ഞു.

# എം. ബി. ബി. എസ് പഠിക്കാൻ ജോർജിയയിൽ അവസരമൊരുക്കി മെയ്ക് വേ എഡ്യൂക്കേഷൻ



ആൾട്ടെ യൂനിവേഴ്സിറ്റി അധികൃതരെ ഉൾപ്പെടുത്തി മെയ്ക് വേ എഡ്യൂക്കേഷൻ പ്രൈവറ്റ് ലിമിറ്റഡ് സംഘടിപ്പിച്ച സെമിനാറിന്റെ ഉദ്ഘാടന ചടങ്ങിൽ നിന്ന്

കോഴിക്കോട്: ജോർജിയയിലെ മികച്ച യൂണിവേഴ്സിറ്റികളിൽ ഒന്നായ ആൾട്ടെ യൂനിവേഴ്സിറ്റിയിൽ എം.ബി.ബി.എസ് പഠിക്കാൻ സൗകര്യമൊരുക്കി കേരളത്തിലെ പ്രശസ്ത എഡ്യൂക്കേഷൻ കൺസൽട്ടൻസിയായ മെയ്ക് വേ എഡ്യൂക്കേഷൻ പ്രൈവറ്റ് ലിമിറ്റഡ്. ഇതിന്റെ ഭാഗമായി ആൾട്ടെ യൂനിവേഴ്സിറ്റി അധികൃതരെ കേരളത്തിലെത്തിച്ച് കോഴിക്കോട് കൊച്ചി-തിരുവനന്തപുരം എന്നീ പ്രധാന സ്ഥലങ്ങളിൽ അഡ്മിഷൻ സെമിനാറുകൾ നടത്തി മെയ്ക് വേ. ജൂൺ 4,5,6 തിയ്യതികളിലാണ് യഥാക്രമം കെ.പി.എം ട്രിപ്പെന്റ് കോഴിക്കോട്, ഹോളിഡേ ഇൻ കൊച്ചി, അപ്പോളോ ഡിമോറ തിരുവനന്തപുരം എന്നീ ഹോട്ടലുകളിലാണ് സെമിനാറുകൾ സംഘടിപ്പിച്ചതെന്ന് എഡ്യൂക്കേഷൻ മാനേജർ ജുനൈദ് കെ.വൈ അറിയിച്ചു. ആൾട്ടെയുടെ സൗത്ത് അഡ്മിഷൻ ഓഫിസ് കാലിക്കറ്റിൽ പ്രവർത്തനം ആരംഭിച്ചു. കാലിക്കറ്റ് ഓഫിസ് ആൾട്ടെ യൂണിവേഴ്സിറ്റിയിലെ ഡയറക്ടർ ഓഫ് ഇന്റർനാഷണൽ സ്റ്റുഡന്റ്സ് റിക്രൂട്ട്മെന്റ് ഡിപ്പാർട്ട് മേധാവി ആനി അമിറനഷ്വിലി ഉദ്ഘാടനം ചെയ്തു.

സെമിനാറിൽ നിലവിലെ വിദ്യാർത്ഥികളുമായും രക്ഷിതാക്കളുമായും ആൾട്ടെ യൂനിവേഴ്സിറ്റി ഡെലിഗേറ്റ്സ് മുൻ വിദ്യാർത്ഥികളുടെ രക്ഷിതാക്കളുമായും അധികൃതർ സംവദിച്ചു. നീറ്റ് റിസൽറ്റ് സ്കോറിന്റെ അടിസ്ഥാനത്തിൽ ആകർഷകമായ സ്കോളർഷിപ്പുകളും ഈ വർഷം ആൾട്ടെ യൂനിവേഴ്സിറ്റി വാഗ്ദാനം ചെയ്യുന്നു.

2002-ൽ സ്ഥാപിതമായ ആൾട്ടെ യൂണിവേഴ്സിറ്റി ജോർജിയയിലെ റ്റ്ബിലിസിയിലാണ് സ്ഥിതി ചെയ്യുന്നത്. വിദഗ്ധരായ അധ്യാപകരുടെ സേവനവും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ആൾട്ടെ യൂണിവേഴ്സിറ്റിയുടെ എടുത്തു പറയേണ്ട സവിശേഷതകളാണ്. ഇതിനു പുറമെ അമേരിക്കയിൽ ഉപരിപഠനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്കായി USMLE പരിശീലനവും ഇവിടെ നൽകുന്നുണ്ട്. ഉക്രൈൻ യുദ്ധത്തിന് ശേഷം 500ൽ പരം വിദ്യാർഥികൾ ആൾട്ടെ യൂണിവേഴ്സിറ്റിയിലേക്ക് ട്രാൻസ്ഫർ വാങ്ങി പഠനം തുടരുന്നുണ്ട്. വിശദവിവരങ്ങൾ ഈ നമ്പറിൽ 9288010300,7356608991 ബന്ധപ്പെടുക.





ജില്ലയിലെ തിരുവമ്പാടി മണ്ഡലത്തിൽ ഉപയോഗിക്കാനുള്ള വോട്ടിംഗ് മെഷീനുകളുടെ പരിശോധന ഇലക്ഷൻ ഓഫിസറായ ജില്ലാ കലക്ടർ എ.ഗീതയുടെ നേതൃത്വത്തിൽ നടന്നപ്പോൾ

# സേവാഭാരതിയുടെ സേവനം; അത്തോളി എൽ.പി സ്കൂൾ ക്ലീൻ


അത്തോളി ഗവ. എൽ.പി സ്കൂളിൽ സമ്പൂർണ ശുചീകരണ പ്രവൃത്തി നടത്തിയ സേവാഭാരതി അത്തോളി യൂണിയൻ അംഗങ്ങൾ

അത്തോളി: ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സേവാഭാരതി അത്തോളി യൂണിറ്റിന്റെ നേതൃത്വത്തിൽ അത്തോളി ഗവ. എൽ.പി സ്കൂളിൽ സമ്പൂർണ ശുചീകരണ പ്രവർത്തി നടത്തി. ജെ.സി.ബി ഉൾപ്പെടെയുള്ള യന്ത്രങ്ങൾ ഉപയോഗിച്ചാണ് ശുചീകരണ പ്രവർത്തികൾ നടത്തിയത്. വൃക്ഷത്തൈ നട്ടും സ്കൂൾ ചുറ്റുമതിലിനുള്ളിൽ കുട്ടികൾക്ക് കളിക്കുവാനും സൗഹൃദം പങ്കുവെക്കുവാനുള്ള ശുചിത്വപൂർണമായ അന്തരീക്ഷം ഒരുക്കിവച്ചുമാണ് പ്രവർത്തകർ സ്കൂളിൽ നിന്നും പിരിഞ്ഞത്. സേവാഭാരതി അത്തോളി യൂണിറ്റ് പ്രസിഡന്റ് എം.കെ രവീന്ദ്രൻ, വൈസ് പ്രസിഡന്റ് കൃഷ്ണൻ മണാട്ട്, ജോ. സെക്രട്ടറി റിംജുത്ത് ആർ എന്നിവർ നേതൃത്വം നൽകി. ഒ.കുമാരൻ, രവീന്ദ്രൻ സി.കെ, ആർ.എം വിശ്വൻ, സുധാകരൻ ആനപ്പാരി, ഉല്ലാസ് എം, ദേവദാസ് കെ.പി, റിംഷുത്ത്.ആർ, സുഭാഷ് കുടക്കല്ല്, രാംജിത്ത് കുടക്കല്ല്, രാജു കൊളക്കാട്, നിജേഷ് കൊളക്കാട്, പ്രദീപൻ ഓട്ടമ്പലം, ഫിറോഷ്.ഒ എന്നിവർ പങ്കെടുത്തു.



ലോകരക്തദാതാവ് ദിനാചരണത്തിന്റെ ഭാഗമായി കാലിക്കറ്റ് പ്രസ് ക്ലബും കേരള ബ്ലഡ് ഡോണേഴ്സ് ഫോറവും ചേർന്ന് സംഘടിപ്പിച്ച രക്തദാന ക്യാമ്പ് ഡെപ്യൂട്ടി മേയർ സി.പി മുസാഫർ അഹമ്മദ് രക്തദാനം നടത്തി ഉദ്ഘാടനം ചെയ്യുന്നു

# രക്തദാന ക്യാമ്പ് നടത്തി

കോഴിക്കോട്: ലോകരക്തദാതാവ് ദിനാചരണത്തിന്റെ ഭാഗമായി കാലിക്കറ്റ് പ്രസ് ക്ലബും കേരള ബ്ലഡ് ഡോണേഴ്സ് ഫോറവും ചേർന്ന് രക്തദാന ക്യാമ്പ് നടത്തി. പ്രസ് ക്ലബ് ഹാളിൽ നടന്ന ക്യാമ്പ് ഡെപ്യൂട്ടി മേയർ സി.പി. മുസാഫർ അഹമ്മദ് രക്തദാനം നടത്തി ഉദ്ഘാടനം ചെയ്തു. കോട്ടപ്പറമ്പ് മാതൃശിശു സംരക്ഷണകേന്ദ്രം ഡെപ്യൂട്ടി സൂപ്രണ്ട് ഡോ. പി.പി. പ്രമോദ്കുമാർ, ബ്ലഡ് ബാങ്ക് ഓഫിസർ ഡോ. സി.കെ. അഫ്സൽ, കാലിക്കറ്റ് പ്രസ് ക്ലബ് പ്രസിഡന്റ് എം. ഫിറോസ്ഖാൻ, സെക്രട്ടറി പി.എസ്. രാകേഷ്, ബ്ലഡ് ഡോണേഴ്സ് അസോസിയേഷൻ ഭാരവാഹികളായ കെ.പി. അബൂബക്കർ, പി.കെ. നളിനാക്ഷൻ, എ.കെ. ഗണേശൻ, കോയട്ടി എന്നിവർ സംസാരിച്ചു.

# മാധ്യമ പ്രവർത്തനം സ്വന്തം ആശയങ്ങൾ പ്രചരിപ്പിക്കുന്ന കർമ മണ്ഡലമാക്കാൻ കഴിയില്ല: മന്ത്രി എ.കെ ശശീന്ദ്രൻ

അത്തോളി: മാധ്യമ പ്രവർത്തനം സ്വന്തം ആശയങ്ങൾ പ്രചരിപ്പിക്കുന്ന കർമ മണ്ഡലമാക്കാൻ കഴിയില്ലന്ന് മന്ത്രി എ.കെ ശശീന്ദ്രൻ പറഞ്ഞു. അത്തോളി പ്രസ് ഫോറത്തിന്റെ 21ാം വാർഷികവും അത്തോളിക്കാരായ മാധ്യമ പ്രവർത്തകർക്കുള്ള അനുമോദന സായാഹ്നവും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

പത്ര ധർമം മഹത്വവൽക്കാനില്ലെങ്കിലും മാധ്യമ പ്രവർത്തകരുടെ പ്രതിബദ്ധതയേയും സാഹസികതയെയും ബഹുമാനിക്കണമെന്നും അവർക്ക് ശക്തി പകരുകയും ചെയ്യേണ്ടതുണ്ടെന്നും മന്ത്രി അഭിപ്രായപ്പെട്ടു. നേരത്തെ കേരള ഹൈക്കോടതിയിലായ അരിക്കൊമ്പൻ ഇന്ന് ചെന്നൈ കോടതിയിലാണ്. ആനയെ സംബന്ധിച്ചുള്ള വാർത്തകൾ ശേഖരിക്കുന്നതിന് രാപകലില്ലാതെ മാധ്യമ പ്രവർത്തകർ കാണിച്ചിട്ടുള്ള പ്രവർത്തനങ്ങൾ വലുതാണെന്നും അദ്ദേഹം പറഞ്ഞു. മാധ്യമ പ്രവർത്തനം സത്യാന്വേഷണ പരീക്ഷണങ്ങളല്ല, അത് ഒരാൾക്കെ സാധിക്കൂ, അത് മഹാത്മ ഗാന്ധിയാണെന്നും മന്ത്രി ഓർമപ്പെടുത്തി. പത്രപ്രവർത്തകർക്കുള്ള ഐഡി കാർഡുകൾ കൺസ്യൂമർ ഫെഡ് ചെയർമാൻ എം.മെഹബൂബ് വിതരണം ചെയ്തു. ജീവൻ ടി.വി മേഖലാ ചീഫ് അജീഷ് അത്തോളി, മാതൃഭൂമി ഡോട്ട് കോം സബ് എഡിറ്റർ എം.കെ. ഷബിത, മീഡിയവൺ സ്പെഷ്യൽ കറസ്പോണ്ടന്റ് ഷിദ ജഗത്ത്, പി.കെ മുഹമ്മദ് ഹാത്തിഫ്, മുതിർന്ന പത്ര പ്രവർത്തകൻ ബഷീർ കൂനോളി എന്നിവരെയാണ് ചടങ്ങിൽ അനുമോദിച്ചത്. പ്രസ് ഫോറം പ്രസിഡന്റ് സുനിൽ കൊളക്കാട് അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ഷീബ രാമചന്ദ്രൻ, വൈസ് പ്രസിഡന്റ് സന്ദീപ കുമാർ നാലുപുരക്കൽ, സാജിത് കോറോത്ത്, ആർ.എം കുമാരൻ, ലിനീഷ് ആനശേരി, എ.പി അബ്ദുറഹിമാൻ, രാധാകൃഷ്ണൻ ഒള്ളൂർ, എം.കെ ആരിഫ്, ഷഫീഖ് ചീക്കിലോട്, അശ്വിനി അജീഷ് എന്നിവർ സംസാരിച്ചു.



അത്തോളി പ്രസ് ഫോറത്തിന്റെ 21ാം വാർഷികവും അത്തോളിക്കാരായ മാധ്യമ പ്രവർത്തകർക്കുള്ള അനുമോദന സായാഹ്ന ചടങ്ങും ഉദ്ഘാടനം ചെയ്യുന്ന മന്ത്രി എ.കെ ശശീന്ദ്രൻ

# ഗുസ്തി താരങ്ങൾക്ക് ഐക്യദാർഢ്യം: പ്രതിഷേധ ദീപം തെളിയിച്ചു

കോഴിക്കോട്: അന്താരാഷ്ട്ര രംഗത്ത് ഇന്ത്യയുടെ യശസ് ഉയർത്തിയ ഗുസ്തി താരങ്ങൾ നീതി ലഭിക്കുന്നതിനായി സമരം ചെയ്യേണ്ടിവരുന്നത് രാജ്യത്തിന് അപമാനകരമാണെന്നും കുറ്റവാളികളെ സംരംക്ഷിക്കുന്ന ഭരണകൂടത്തിന്റെ നടിപടിക്കെതിരേ ശക്തമായ പ്രതിഷേധവും സമരവും ഉയർന്ന് വരണമെന്ന് പത്രപ്രവർത്തക യൂണിയൻ മുൻ സംസ്ഥാന പ്രസിഡന്റ് കമാൽ വരദൂർ പറഞ്ഞു. നീതി ലഭിക്കുന്നതിനായി പോരാടുന്ന ഗുസ്തി താരങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ആക്ടീവ് കോഴിക്കോട് സംഘടിപ്പിച്ച പ്രതിഷേധ ദീപം തെളിയിക്കൽ പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ചടങ്ങിൽ ആക്ടീവ് പ്രസിഡന്റ് എ.കെ മുഹമ്മദാലി അധ്യക്ഷത വഹിച്ചു. ഡി.സി ജനറൽ സെക്രട്ടറി പി.എം അബ്ദുറഹിമാൻ, പി.ഐ അജയൻ, എം.കെ ബീരാൻ, എം.പി രാമകൃഷ്ണൻ, കെ.സി അബ്ദുൾ റസാഖ്, എം.ടി ബിജിത്ത്, ഇ.എ ബഷീർ, കെ.പത്മകുമാർ, ഡി.രവി, പി.വേണുഗോപാൽ പി.വി.കുഞ്ഞുമുഹമ്മദ്, കെ.സുബ്രമണ്യൻ, വിജയൻ ചേളന്നൂർ, ശ്രീജ സുരേഷ്, എം.കെ. അനന്തരാമൻ, വി.സുനിൽകുമാർ, ശോഭി.ടി എന്നിവർ സംസാരിച്ചു.




ഗുസ്തി താരങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ആക്ടീവ് കോഴിക്കോട് സംഘടിപ്പിച്ച പ്രതിഷേധ ദീപം തെളിയിക്കൽ പരിപാടിയിൽ നിന്ന്



ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ സ്കൂഫെ പദ്ധതി കതിരൂർ പഞ്ചായത്ത് പ്രസിഡന്റ് പി.പി സനിൽ ഉദ്ഘാടനം ചെയ്തപ്പോൾ

# സ്കൂഫെ ഉദ്ഘാടനം ചെയ്തു

കതിരൂർ: ഗവ: വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ സ്കൂഫെ ഉദ്ഘാടനം ചെയ്തു. കഫെ അറ്റ് സ്കൂൾ (സ്കൂഫെ) പദ്ധതി കതിരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.പിസനൽ ഉദ്ഘാടനം ചെയ്തു. സി.ഡി.എസ് ചെയർപേഴ്സൺ ഇ.സംഗീത അധ്യക്ഷത വഹിച്ചു. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ഡോ. എം. സുർജിത്ത് റിപ്പോർട്ട് അവതരിപ്പിച്ചു. സ്കൂൾ പ്രധാനാധ്യാപകൻ എ.പ്രശാന്ത്, പി.കെ സാവിത്രി, മുൻ പഞ്ചായത്ത് പ്രസിഡന്റ് കെ.വി പവിത്രൻ, എച്ച്.എസ്.എസ് പ്രിൻസിപ്പാൾ എസ്.അനിത, വി.എച്ച്.എസ്.ഇ പ്രിൻസിപ്പാൾ കെ. പ്രിയ, പി.ശ്രീജേഷ്, ജി.സന്തോഷ് കുമാർ എന്നിവർ സംസാരിച്ചു. സ്കൂഫെയിൽ ചായ, സ്നാക്സ്, ചോറ്, സ്റ്റേഷനറി ഐറ്റംസ് എന്നിവയും ലഭ്യമാണ്.

# പാരസ്പര്യമാണ് പരിസ്ഥിതി മൂല്യത്തിന്റെ അടിത്തറ: ഗിരീഷ് ആമ്പ്ര

കൊടുവള്ളി: പാരസ്പര്യവും പ്രകൃതിയോടുള്ള ഇഴയടുപ്പവുമാണ് പരിസ്ഥിതിമൂല്യത്തിന്റെ അടിത്തറയെന്ന് കവിയും ഫോക്ലോറിസ്റ്റും ആക്ടിവിസ്റ്റുമായ ഗിരീഷ് ആമ്പ്ര പറഞ്ഞു. കൊടുവള്ളി പാലക്കുറ്റി എ.എം.എൽ.പി സ്കൂളിലെ ലോകപരിസ്ഥിതിദിനാചരണവും പ്രീ സ്കൂൾ പ്രവേശനോത്സവവും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പരിസ്ഥിതിദിനത്തിൽ മാത്രമല്ല, ജീവിതാന്ത്യം വരെ കൂടെ ചേർക്കേണ്ടതാണ് നമ്മുടെ പരിസ്ഥിതിബോധം. വിദ്യാർഥികൾ മഴയും വെയിലും മണ്ണും സഹജീവികളുടെ മനസ്സറിഞ്ഞ് സാമൂഹ്യവിദ്യാഭ്യാസം കൂടി നേടേണ്ടത് അനിവാര്യമാണെന്നും ഗിരീഷ് ആമ്പ്ര കൂട്ടിച്ചേർത്തു. ചടങ്ങിൽ സ്കൂൾ മാനേജർ ഇ.കെ അഷ്റഫ് അധ്യക്ഷത വഹിച്ചു. അധ്യാപകരായ പി.കെ ഷാജിർ, ഷറീന പി.കെ, സഫീദ.ഇ, നസീർ സി.ടി എന്നിവർ ആശംസ നേർന്നു. പ്രധാനാധ്യാപിക സൈനബ.എം സ്വാഗതവും സഫ നന്ദിയും പറഞ്ഞു. പരിപാടിയുടെ ഭാഗമായി വിദ്യാർഥികളും അധ്യാപകരും രക്ഷിതാക്കളും ചേർന്ന് ഇരുനൂറോളം വൃക്ഷതൈകൾ നട്ടു.



കൊടുവള്ളി പാലക്കുറ്റി എ.എം.എൽ.പി സ്കൂളിലെ ലോകപരിസ്ഥിതിദിനാചരണവും പ്രീ സ്കൂൾ പ്രവേശനോത്സവവും ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന ഗിരീഷ് ആമ്പ്ര

# ബാഡ്മിന്റൻ അണ്ടർ 19 ചാമ്പ്യന്മാരെ പ്രഖ്യാപിച്ചു; സീനിയർ പുരുഷ-വനിത ഫൈനൽ മത്സരം നാളെ

കോഴിക്കോട്: ജില്ലാ ബാഡ്മിന്റൻ അസോസിയേഷന്റെ നേതൃത്വത്തിൽ വി. കെ കൃഷ്ണ മേനോൻ ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുന്ന സാവിത്രി ദേവി സാബു മെമ്മോറിയൽ സംസ്ഥാന ബാഡ്മിന്റൻ റാങ്കിങ് പ്രൈസ് മണി ടൂർണമെന്റിൽ അണ്ടർ 19 ചാമ്പ്യന്മാരെ പ്രഖ്യാപിച്ചു.

ആൺകുട്ടികളുടെ സിംഗിൾസിൽ എസ്. അഭിഷേക് (എറണാകുളം), പെൺകുട്ടികളുടെ സിംഗിൾസിൽ ഫർസ നസ്രീൻ( തിരുവനന്തപുരം), ആൺകുട്ടികൾ (ഡബിൾസ് ) എസ്.അക്ഷിത് ( ആലപ്പുഴ), ജോസഫ് ദിൽരാജ് ( തൃശൂർ), പെൺകുട്ടികൾ ( ഡബിൾസ് ) കീർത്തിക സി.എച്ച് ( കണ്ണൂർ ), നയന എസ്.ഒയാസിസ് ( കോഴിക്കോട്), മിക്സഡ് ഡബിൾസ് ജോസഫ് ദിൽരാജ് ( തൃശൂർ), സി.എച്ച് കീർത്തിക ( കണ്ണൂർ ) എന്നിവർ ചാമ്പ്യന്മാരായി.

സീനിയർ വിഭാഗ മത്സരം തുടരും. എട്ടിന് വ്യാഴാഴ്ച ഫൈനൽ മത്സരം നടക്കും. രാവിലെ സെമിയും വൈകീട്ട് ഫൈനലും നടക്കും. സമാപന ചടങ്ങിൽ ജില്ല സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ഒ. രാജഗോപാൽ പങ്കെടുക്കും.




സാവിത്രി ദേവി സാബു മെമ്മോറിയൽ സംസ്ഥാന ബാഡ്മിന്റൻ റാങ്കിങ് പ്രൈസ് മണി ടൂർണമെന്റിലെ അണ്ടർ 19 ചാമ്പ്യന്മാർ

# മലങ്കര ക്രെഡിറ്റ് സൊസൈറ്റിയുടെ ഇടുക്കിയിലെ കസ്റ്റമർ ഫെസിലിറ്റേഷൻ സെന്റർ ഉദ്ഘാടനം ചെയ്തു

ഇടുക്കി: കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള സഹകരണ മന്ത്രാലയത്തിന്റെ നിയന്ത്രണത്തിൽ കേരളത്തിലും തമിഴ്നാട്ടിലും കർണാടകയിലും പ്രവർത്തിച്ചു വരുന്ന മലങ്കര ക്രെഡിറ്റ് സൊസൈറ്റിയുടെ ഏഴാമത്തേതും ഇടുക്കി ജില്ലയിലെ ആദ്യത്തേതുമായ കസ്റ്റമർ ഫെസിലിറ്റേഷൻ സെന്റർ തൊടുപുഴ പുളിമൂട്ടിൽ ബിൽഡിങ്ങിൽ തൊടുപുഴ മുനിസിപ്പൽ ചെയർമാൻ സനീഷ് ജോർജ് ഉദ്ഘാടനം ചെയ്തു. ബോബി ഗ്രൂപ്പിന്റെ ചെയർമാനും മാനേജിംഗ് ഡയരക്ടറുമായ ഡോ. ബോബി ചെമ്മണൂർ (ബോചെ) പ്രൊമോട്ടറായിട്ടുള്ള മലങ്കര ക്രെഡിറ്റ് സൊസൈറ്റി കഴിഞ്ഞ 2 വർഷത്തിനുള്ളിൽ 300ൽ അധികം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും 42,000ത്തിൽ പരം മെമ്പർമാർക്ക് സേവനം നൽകുകയും ചെയ്യുന്നു.

മലങ്കര ക്രെഡിറ്റ് സൊസൈറ്റി സി.എം.ഡി ജിസ്സോ ബേബി അധ്യക്ഷത വഹിച്ച ചടങ്ങിൽ തൊടുപുഴ ടൗൺ വാർഡ് മെമ്പറായ ജോസ് മഠത്തിൽ, വ്യാപാരി വ്യവസായി ഏകോപന സമിതി തൊടുപുഴ യൂണിറ്റ് പ്രസിഡന്റ് അജീവ് പുരുഷോത്തമൻ എന്നിവർ ആശംസകൾ നേർന്നു. മലങ്കര ക്രെഡിറ്റ് സൊസൈറ്റി വൈസ് ചെയർമാൻ മറിയാമ്മ പീയൂസ് നന്ദി അറിയിച്ചു. മെമ്പർമാരിൽ നിന്ന് നിക്ഷേപം സ്വീകരിക്കുവാനും ലോണുകൾ കൊടുക്കുവാനും അധികാരം ഉള്ള സൊസൈറ്റിയാണ് മലങ്കര ക്രെഡിറ്റ് സൊസൈറ്റി. അടുത്ത രണ്ട് വർഷത്തിനുള്ളിൽ 4500 കോടിയുടെ ബിസിനസും 1500ൽപരം ജോലിക്കാരുമുള്ള സൗത്ത് ഇന്ത്യയിലെ സഹകരണ മേഖലയിലെ ഏറ്റവും വലിയ സ്ഥാപനം ആകുവാനുള്ള തയ്യാറെടുപ്പിലാണ് മലങ്കര ക്രെഡിറ്റ് സൊസൈറ്റി.



മലങ്കര ക്രെഡിറ്റ് സൊസൈറ്റിയുടെ ഏഴാമത്തേതും ഇടുക്കി ജില്ലയിലെ ആദ്യത്തേതുമായ കസ്റ്റമർ ഫെസിലിറ്റേഷൻ സെന്റർ തൊടുപുഴ പുളിമൂട്ടിൽ ബിൽഡിങ്ങിൽ തൊടുപുഴ മുനിസിപ്പൽ ചെയർമാൻ സനീഷ് ജോർജ് ഉദ്ഘാടനം ചെയ്യുന്നു

## വാഹനാപകടത്തിൽ മരണപ്പെട്ട കൊണ്ടോട്ടി സ്വദേശിയുടെ മക്കളെ മർകസ് ഏറ്റെടുത്തു

കോഴിക്കോട്: കഴിഞ്ഞ ദിവസം ഖത്തറിൽ വാഹനാപകടത്തിൽ മരണപ്പെട്ട മലപ്പുറം കൊണ്ടോട്ടി സ്വദേശി അലി പുളിക്കലിന്റെ മക്കൾ ഇനി മർകസിന്റെ തണലിൽ വളരും. അപകട മരണത്തെ തുടർന്ന് അനാഥരായ എട്ട് കുരുന്നുകളെയാണ് മർകസ് ജനറൽ സെക്രട്ടറി കാന്തപുരം എ.പി അബൂബക്കർ മുസ്ലിയാരുടെ പ്രത്യേക നിർദേശത്തെ തുടർന്ന് ഓർഫൻ കെയർ സ്കീമിൽ ഉൾപ്പെടുത്തി ഏറ്റെടുത്തത്. ഖത്തർ ഐ.സി.എഫ്, മർകസ് കമ്മിറ്റികളാണ് ഈ വിഷയം കാന്തപുരത്തിന്റെ ശ്രദ്ധയിൽ പെടുത്തിയത്. സ്വന്തം വീടുകളിൽ മാതാക്കളുടെ സംരക്ഷണത്തിൽ താമസിപ്പിച്ച് പഠനം, ഭക്ഷണം, മറ്റു അനുബന്ധ ചിലവുകൾ എന്നിവ മർകസ് വഹിക്കുന്ന ഈ പദ്ധതിക്ക് കീഴിൽ രാജ്യവ്യാപകമായി 12,000 ലധികം അനാഥകുരുന്നുകൾ വിദ്യയഭ്യസിക്കുന്നുണ്ട്. വീടുകളിൽ നിന്നും മാറി താമസിക്കേണ്ട പ്രായമെത്തിയാൽ മർകസിന് കീഴിലും മറ്റുമുള്ള ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ പഠനം തുടരാനും അധികൃതർ അവസരമൊരുക്കും.ആശിർ ഹസൻ(14 വയസ്സ്), ആരിഫ്(11 വയസ്സ്), അശ്ഫാഖ്(11 വയസ്സ്), ഫാത്തിമ ഫർഹ(9 വയസ്സ്), ലിഹ ഫരീഹ(9 വയസ്സ്), അശ്മിൽ ഹിദാശ് (8 വയസ്സ്), മുഹമ്മദ് ഹമ്മാദ്(7 വയസ്സ്), ഖദീജ ഹന്ന(5 വയസ്സ്) എന്നിവരാണ് മർകസിന്റെ സംരക്ഷണത്തിൽ ഭാവി നിർമിക്കുക. മർകസ് ഡയരക്ടർ ജനറൽ സി. മുഹമ്മദ് ഫൈസി പരേതന്റെ വീട് സന്ദർശിച്ച് പ്രാർത്ഥന നിർവഹിക്കുകയും മക്കളുടെ വിവരങ്ങൾ അന്വേഷിക്കുകയും വിദ്യാഭ്യാസമടക്കമുള്ള ചെലവുകൾ മർകസ് വഹിക്കുമെന്ന് ബന്ധപ്പെട്ടവരെ അറിയിക്കുകയും ചെയ്തു. സയ്യിദ് ശിഹാബുദ്ദീൻ അഹ്ദൽ മുത്തനൂർ, വി.പി.എം സഖാഫി വില്യാപ്പള്ളി, പ്രാദേശിക സംഘടനാ നേതാക്കൾ ചടങ്ങിൽ സംബന്ധിച്ചു.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.